**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2477** **11.10.2011- ൽ മറുപടിക്ക്**

**പ്രകൃതിക്ഷോഭ ദുരിതാശ്വാസ വിനിയോഗം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ജി.എസ് ജയലാൽ** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി)** |
| (എ) | മുൻ ഗവൺമെന്റിന്റെ കാലത്ത് ചാത്തന്നൂർ നിയോജക മണ്ഡലത്തിലേക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് നിർമ്മാണത്തിന് അനുമതി നൽകിയിരുന്ന ഏതെങ്കിലും പ്രവർത്തികൾ തുടരുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | | (എ)&(ബി)<br><br>കണിയാൻകുളം തോട് - ഇരുവശവും സൈഡ് വാൾ കെട്ടുന്നതിന് എന്ന പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സമുണ്ട്. നിലവിലെ മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുന്ന പ്രവൃത്തി ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ 25.01.2009 ന് ഭരണാനുമതി നൽകിയ മേൽ പ്രവർത്തി 24.05.2011 നകവും ആരംഭിക്കാത്ത സാഹചര്യത്തിൽ സ.ഉ(ആർ.റ്റി) നം.3120/2011/ഡി.എം.ഡി തീയതി 14.07.2011 പ്രകാരം ആരംഭിക്കുവാൻ കഴിയുകയില്ല. |
| (ബി) | ഏതൊക്കെ പ്രവർത്തികൾക്കാണ് തടസ്സങ്ങൾ ഉള്ളതെന്ന് ഗ്രാമപഞ്ചായത്ത് തലത്തിൽ അറിയിക്കുമോ; | | |
| (സി) | പ്രാദേശിക തലത്തിൽ ജനപ്രതിനിധികൾ ജനങ്ങളെ അറിയിക്കുകയും അതനുസരിച്ച് കമ്മിറ്റികൾ വരെ രൂപീകരിക്കുകയും ചെയ്ത പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്ന നടപടിയിൽ നിന്നും ഗവൺമെന്റ് പിൻമാറുമോ; വിശദാംശം അറിയിക്കുമോ? | (സി) | നിലവിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം ഭരണാനുമതി നൽകുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ഭരണാനുമതി നൽകിയ തീയതി മുതൽ ഒരു വർഷത്തിനകം പൂർത്തിയാക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഭരണാനുമതി ലഭിച്ച പല പ്രവൃത്തികളും ഒരു വർഷം കഴിഞ്ഞിട്ടും ആരംഭിച്ചിട്ടില്ലാത്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് 24.05.2011 ന് മുമ്പ് പുനരുദ്ധാരണ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത കാലാവധി കഴിഞ്ഞ പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ചു നൽകേണ്ടതില്ല എന്ന് സ.ഉ(ആർ.റ്റി)നം.3120/2011/ഡി.എം.ഡി തീയതി.14.07.2011 പ്രകാരം ഉത്തരവായിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**